പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1394 | 13/07/2016 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. **എ. പ്രദീപ്കുമാർ**<br>ശ്രീ. **ജോൺ ഫെർണാണ്ടസ്**<br>ശ്രീ. **എ.എം. ആരിഫ്**<br>ശ്രീ. **സി. കെ. ശശീന്ദ്രൻ** | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലടക്കമുള്ള സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാ മെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്താത്തത് മൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി യിൽ നിന്നുള്ള അഡ്വൈസിന്റെ അടിസ്ഥാനത്തിൽ ധ്രുതഗതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും സ്പെഷ്യലിസ്റ്റുകളെ നിയമിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. ചില പിന്നോക്ക ജില്ലകളിൽ ഡോക്ടർമാർ ജോലിക്ക് ചേരുന്നതിന് വിമുഖത കാണിക്കുന്നതുമൂലം, ചില സ്ഥാപനങ്ങളിൽ ഒഴിവുകൾ നികത്തുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അഡ്ഹോക് വ്യവസ്ഥയിലും എൻ.എച്ച്.എം വഴി താൽക്കാലികമായും ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പി.എസ്.സി യുടെ അഡ്വൈസ് അനുസരിച്ച് അസിസ്റ്റന്റ് സർജ്ജന്മാരുടെ കൗൺസിലിംഗ് നടത്തിയ ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ; | | |
| (സി) | ഗ്രാമീണ മേഖലയിലെ നിർബന്ധിത സേവനം ഒഴിവാക്കിയ പശ്ചാത്തലത്തിൽ അത്തരം മേഖലകളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് പ്രത്യേക അലവൻസ് നൽകുന്നതിന് നടപടിയെടുക്കുമോ എന്നു വ്യക്തമാ ക്കാമോ? | (സി) | നിലവിൽ ഗ്രാമീണ മേഖലയിൽ ജോലി ചെയ്തുവരുന്ന ഡോക്ടർമാർക്ക് 01/02/2016 മുതൽ 3500/- രൂപ മാസ നിരക്കിൽ റൂറൽ അലവൻസ് നൽകി വരുന്നുണ്ട്. ഇത് കൂടാതെ ദുർഘട ഗ്രാമീണ മെഖലയിൽ ജോലി ചെയ്തുവരുന്ന ഡോക്ടർമാർക്ക് 01/02/2016 മുതൽ 5000/- രൂപ മാസ നിരക്കിൽ (Difficult Rural Allowance) നൽകിവരുന്നു. അട്ടപ്പാടി മേഖലയിൽ ആരോഗ്യവകുപ്പിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് ഓരോ മാസവും 20000/- രൂപ അഡീഷണൽ ഇൻസന്റീവായും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ